<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1056**</u> <u>**06-02-2023 - ൽ മറുപടിയ്ക്ക്**</u>

<u>**മലപ്പുറം നാമ്പ്രാണി കടവിൽ പുതിയ റെഗുലേറ്റർ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നഗരസഭയിലെ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാമ്പ്രാണി കടവിൽ ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ഒരു പുതിയ റെഗുലേറ്റർ നിർമിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം നഗരസഭയിലെ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നമ്പ്രാണി കടവിൽ ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പുതിയ റഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് പ്രകാരം പദ്ധതി തുടങ്ങുന്നതിന് വേണ്ട പ്രാഥമിക പ്രവൃത്തികൾ സൈറ്റിൽ തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള നമ്പ്രാണി തടയണ രണ്ട് ഭാഗങ്ങളിലായി പൊട്ടിച്ച് ജലനിരപ്പ് താഴ്ത്തിയാൽ മാത്രമേ പുഴയിലുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. തടയണ പൊട്ടിക്കുന്നതിനുള്ള നിരാക്ഷേപ പത്രം (എൻ.ഒ.സി) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്നതിന് അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | ആയതിന് നഗരസഭ, ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക എത്രയാണ്; ജലസേചന വകുപ്പിന്റെ വിഹിതം എത്രയാണ്; പ്രസ്തുത പദ്ധതി എന്നേത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽ പ്രവൃത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 22 കോടി രൂപയാണ്. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ട പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം 12.5 ശതമാനം സെന്റേജ് ഉൾപ്പെടെ 16.40 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ആയതിലേയ്ക്ക് 15.77 കോടി രൂപയാണ് മലപ്പുറം മുനിസിപ്പാലിറ്റി നിലവിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ജലസേചന വകുപ്പ് വിഹിതമൊന്നും നീക്കി വച്ചിട്ടില്ല. രണ്ടാം ഘട്ട പ്രവൃത്തിക്കായി 5.60 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ആയതിന് നിലവിൽ ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. എഗ്രിമെന്റ് പ്രകാരം 24/12/2023 വരെയാണ് ഒന്നാം ഘട്ട പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. |
| | | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഒന്നാം ഘട്ട പ്രവൃത്തിക്ക് മലപ്പുറം മുനിസിപ്പൽ കൗൺസിലിന്റെ 18.60 കോടി രൂപയുടെ ഭരണാനുമതിയും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 16.40 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ